# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : T 5103*

*27 / 06 / 2019 - ന് മറുപടി*
*നൽകേണ്ടത്*

## ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

**ചോദ്യം**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

**മറുപടി**
**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) 25.03.2017-ലെ സ.ഉ.(കൈ.) നം. 01/2017/ സി.എസ്.ഐ.എൻ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരവുമായി ബന്ധപ്പെട്ട കനാലുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(എ) 25-03-2017-ലെ സ.ഉ.(കൈ) നം. 01/2017/CSIND നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരവുമായി ബന്ധപ്പെട്ട കനാലുകളെ ഉൾകൊള്ളിച്ചു കൊണ്ട് "ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന സമഗ്ര ജലഗതാഗത പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (KSINC) മുഖേന 'നാറ്റ്പാക്'-നെ നിയോഗിച്ച നടപടി സാധൂകരിച്ചുകൊണ്ടും നാറ്റ്പാക്കിന്റെ പഠനറിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുന്നതിനും പദ്ധതി കിഫ്ബി അംഗീകരിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നിയമിക്കുന്നതിനും അനുമതി നൽകിയിരുന്നു. തുടർന്ന് 27/07/2018-ൽ കെ.എസ്.ഐ.എൻ.സി., നാറ്റ്പാക്ക് തയ്യാറാക്കിയ പഠന റിപ്പോർട്ടും DPR-ഉം സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇവ പരിശോധിക്കുകയും ഈ ബൃഹദ്പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിചയസമ്പത്തും സാധന സാമഗ്രികളും കെ.എസ്.ഐ.എൻ.സി.-ക്ക് ഇല്ലാത്തതിനാൽ വാട്ടർമെട്രോ പദ്ധതി നടപ്പിലാക്കുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) SPV

ആയി നിയമിച്ചു കൊണ്ട് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 12/11/2018 – ൽ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി 1365.16 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കലും, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റും "ഭവനം ഫൗണ്ടേഷൻ കേരള" മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നു. കൂടാതെ കനാലുകളുടെ വീതി കൂട്ടി നവീകരിക്കുമ്പോഴുണ്ടാകുന്ന സാമൂഹികാഘാത പഠനവും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 704 വീട്ടുകാരെ മാറ്റി താമസിപ്പിക്കേണ്ടി വരും എന്ന് സർവ്വെ പ്രകാരം കണക്കാക്കിയിട്ടുള്ളതും പ്രസ്തുത ആവശ്യത്തിനായി കാക്കനാട് വില്ലേജ്, കണയന്നൂർ താലൂക്കിൽ 7.33 ഏക്കർ ഭൂമി കണ്ടെത്തുകയും ഇതിൽ നിന്നും 3 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

| | | |
|---|---|---|
| (ബി) | ഏതെല്ലാം കനാലുകളെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) 1. ഇടപ്പള്ളി കനാൽ<br>2. തേവര പെരണ്ടൂർ കനാൽ<br>3. ചിലവന്നൂർ തോട്<br>4. തേവര കനാൽ<br>5. മാർക്കറ്റ് കനാൽ |
| (സി) | കനാലുകളിലും അനുബന്ധകായലുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) മേൽപ്പറഞ്ഞ 5 കനാലുകളിൽ അടിഞ്ഞു കൂടിയ എക്കലും, മണ്ണും നീക്കം ചെയ്ത് വീതിയും, ആഴവും കൂട്ടി നവീകരിച്ച് ബോട്ട് ഗതാഗതം സാധ്യമാക്കാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**